




- FROM HM'S DESK (1)
- KITE MISTRESS (2)
- SCHOOL HISTORY (3)
- 90 YEARS (30)
- SPORTS (42)



- MATHRU VALSALYAM (8)
- POTHICHORU (31)
- PULARKKALA SWAPNAM (32'33)
- REGRETS (35)
- YOUR STILL IN MY HEART (44)
- VALAPPOTTU (47)






- ALONE (4)
- AMMA (5)
- DEEP IN THE STARS (7)
- SWAPNANGLILEKKU (9)
- NAMMUDE BHOOMI (10)
- ECHOS OF THE SILENCE (11)
- ENTE ACHAN (12)
- INSIDE BEAUTY (14)
- IRUTTU (15)
- AMOUR (16)
- LYF (17)
- MATHRU SNEHAM (18)
- MAAYAMAYOORAM (19)
- NARABHALI (21)
- NIZHAL (23)
- NJAN (24)
- KUTTIKALUDE AALMUTHASSI (25)
- PARIKSHNA MAZHA (29)
- MAZHAPEYTHA RAVIL (34)
- SAHAVAASARE (39)
- SOLITUDE (41)
- WHERE ARE YOU (46)
- THE END ? (48)
- UNNIYUDE BHALYAM (49)
- JEEVITHA NANMAKAL (50)


## WRITE UP


NIRMIDHA BUDDHI (6)
- HISTORICAL MONUMENTS (13)
- MOVING OF LIFE (20)
- JEEVANA (22)
- WORLD WAR 3? (26)
- PARAAJAYAMENNATH VIJAYAMOO? (27'28)
- SACHIN TENDULKAR (37)
- SADIO MANE (38)
- SCHOOLSPIRITS TASTES GOOD (40)
- THE GIFT OF TIME (43)

# OUR HISTORY

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി" നടത്തി വരുന്ന ഒരു ഗവ: എയ്ഡഡ് വിധ്യാബ്യാസ സ്ഥാപനമാണ് സെന്റ് ജമ്മാസ്. മലപ്പുറത്തിന്റെ മധ്യഭാകത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. മികച്ചൊരു ചരിത്രം തന്നെയാണ് സ്കൂളിന് അവകാശപ്പെടാനുള്ളത്.

വിദ്യയഭ്യാസ സ്ഥാപനങ്ങൾ വിരളമായിരുന്ന കാലത്ത് 1933 – ൽ കോഴിക്കോട് രൂപത മലപ്പുറത്തു സെന്റ് ജോസഫ് ദീവാലയത്തിന്റെ വരാന്തയിൽ ഫാദർ റംസാനിയുടെ നേത്രുത്തത്തിൽ സെന്റ് ജോസഫ് എലിമെന്ററി സ്കൂൾ ആരംഭിച്ചു.

1943 – ൽ ഈ വിദ്യാലയം ഹൈസ്കൂളായി. അന്ന് കോഴിക്കോട് രൂപത മേത്രാനായിരുന്നു ലിയൂപ്രോസെർപിയോ ആവിശ്യപെട്ടതനുസരിച്ച് മംഗൽപൂരം കേന്ദ്രമായി പ്രവർത്തിച്ചുവന്നിരുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഈ വിദ്യാലയത്തിൽ സേവനത്തിന്റെ കൈത്തിരിയുമായി കടന്നു വന്നു. തുടർന്ന് സെന്റ് ജോസഫ് എലിമെന്ററി സ്കൂളും സെന്റ്

## ST.GEMMAS G.H.S.S

ജമ്മാസ് സ്കൂളും രൂപവത്കരിച്ചു . 1947 – ൽ ഒന്നാമത്തെ എസ്.എസ്.എൽ.സി  ബാച്ച് 100 ശതമാനം വിജയം നേടി.

മലപ്പുറത്തു ഒരു ഗേൾസ് ഹൈസ്കൂൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് കണക്കിലെടുത്ത സ്കൂൾ ആദിഗ്രതരും രക്ഷാകർതൃസമൃദ്ധിയും നടത്തിയ നിരന്തര പരിശ്രമം മൂലം 1982 – ൽ സെന്റ് ജമ്മാസ് വീണ്ടും ഹൈസ്കൂളായി. 1976 – മുതൽ സെന്റ് ജമ്മാസ് നെഴ്സറി സ്കൂളും പ്രവർത്തിച്ചു  വരുന്നു .

മലപ്പുറം ജില്ലയിൽ മികച്ച വിദ്യഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായ സെന്റ് ജമ്മാസ് ജി.എച്.എസ്.എസ് തുടർച്ചയായി സംസ്ഥാന കലോത്സവത്തിൽ കഴിവ് തെളിയിച്ച് വരുന്നു. സ്കൂളിന്റെ എസ്.എസ്.എൽ.സി 100 % വിജയവും ചരിത്രം കുറിക്കുന്നു. 2023 – ൽ സ്കൂൾ നവതി ആഘോഷവും റാലിയും കൊണ്ടാടി. 90 – ന്റെ നിറവിൽ അനധ്യാഭികരും "വെളിച്ചമാകു– വെളിച്ചമേകാൻ " എന്ന മുദ്രാവാക്യവുമായി മുന്നേറുന്നു. വരും വർഷങ്ങളിൽ സ്കൂൾ ഇനിയും ഉന്നതതലങ്ങളിൽ എത്തുമെന്നുള്ളതിൽ സംശയമില്ല....

- LK 2022-25 BATCH

# അമ്മ

ഇരുൾ വീണ വഴികളിൽ വെട്ടം പകരുന്ന
വഴിവിളക്കാകുമെന്നമ്മ .......
പാദങ്ങളിടറുന്ന നേരത്ത് താങ്ങായി ,
കൈപിടിച്ചൊപ്പമുണ്ടാകുമമ്മാ .....
അമ്മതൻ മടിയിലായ് ചായുന്ന നേരത്ത്
ഒരു കുഞ്ഞുപൈതലായ് മാറിട്ടും ഞാൻ
അമ്മയെൻ മുടിയിഴകൾ തഴുകുന്ന നേരത്ത്
എന്നിലെ ദുഃഖങ്ങളെല്ലാം പോയ്മറയും
ജീവിത പാതയിൽ വെയിലേറ്റുരുകുമ്പോൾ
സാന്ത്വനത്തെന്നലായി കൂടെയുണ്ടമ്മാ......
ഒരു ദീപനാളമായ് ഹൃദയത്തിലെന്നും
തെളിയുന്നരോർമ്മയാണിന്നെന്റെയമ്മ



# നിർമ്മിത ബുദ്ധി

എന്താണ് ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ്?
ഒരു കമ്പ്യൂട്ടർ ചെസ്സ് കളിക്കുന്നതും കാലാവസ്ഥാ പാറ്റേണുകൾ വിശകലനം ചെയ്യുന്നതും അല്ലെങ്കിൽ ഭാഷകൾ വിവർത്തനം ചെയ്യുന്നതും സങ്കൽപ്പിക്കുക. മനുഷ്യരെപ്പോലെ തന്നെ പഠിക്കാനും ന്യായവാദം ചെയ്യാനും പ്രശ്നങ്ങൾ പരിഹരിക്കാനും കഴിവുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുന്ന കമ്പ്യൂട്ടർ സയൻസിൻ്റെ ഒരു ശാഖയാണ് AI.

രണ്ട് പ്രധാന തരം AI ഉണ്ട്: നാരോ AI, ജനറൽ AI. നാരോ AI ഒരു സ്പെഷ്യലൈസ്ഡ് ആർട്ടിസ്റ്റിനെപ്പോലെയാണ്, ലാൻഡ്സ്കേപ്പുകൾ വരയ്ക്കുന്നതിൽ വൈദഗ്ധ്യമുണ്ട്, പക്ഷേ പോർട്രെയ്റ്റുകൾ അല്ല. ഒരു ഗെയിം കളിക്കുന്നതോ സംസാരം തിരിച്ചറിയുന്നതോ പോലുള്ള നിർദ്ദിഷ്ട ടാസ്ക്കുകളിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മറുവശത്ത്, ജനറൽ AI, ഏത് തരത്തിലുള്ള മാസ്റ്റർപീസും സൃഷ്ടിക്കാൻ കഴിയുന്ന ഒരു ബഹുമുഖ കലാകാരനെപ്പോലെയായിരിക്കും. ഒരു മനുഷ്യന് ചെയ്യാൻ കഴിയുന്ന ഏത് ബൗദ്ധിക ജോലിയും ഇതിന് ചെയ്യാൻ കഴിയും.

## AI യുടെ ചരിത്രം

AI-യുടെ കൗതുകകരമായ കഥ നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്, പുരാതന മിത്തുകളും ഐതിഹാസിക കണ്ടുപിടുത്തക്കാരും ബുദ്ധിശക്തിയുള്ള യന്ത്രങ്ങളെക്കുറിച്ച് സ്വപ്നം കാണുന്നു. 1950-കളിൽ AI പയനിയർമാർ ചിന്തിക്കുന്ന യന്ത്രങ്ങൾ യാഥാർത്ഥ്യമാക്കാൻ തുടങ്ങിയതോടെയാണ് കഥ യഥാർത്ഥത്തിൽ ആരംഭിച്ചത്. ഇന്ന്, AI വിപ്ലവം നയിക്കുന്നത് മെഷീൻ ലേണിംഗ്, വലിയ അളവിലുള്ള ഡാറ്റ, ശക്തമായ കമ്പ്യൂട്ടറുകൾ എന്നിവയിലെ മുന്നേറ്റങ്ങളാണ്, AI-യെ നമ്മുടെ ദൈനംദിന ജീവിതത്തിൻ്റെ അവിഭാജ്യ ഘടകമാക്കി മാറ്റുന്നു.

## AI എങ്ങനെ പ്രവർത്തിക്കുന്നു

ആഖ്യാതാവ്: മെഷീൻ ലേണിംഗ് എന്ന പ്രക്രിയയിലൂടെയാണ് AI പ്രവർത്തിക്കുന്നത്. ബിൽഡിംഗ് ബ്ലോക്കുകൾ ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ തിരിച്ചറിയാൻ കുട്ടിയെ പഠിപ്പിക്കുന്നത് സങ്കൽപ്പിക്കുക. നിങ്ങൾ അവർക്ക് വിവിധ രൂപങ്ങൾ കാണിക്കുകയും അവരുടെ പേരുകൾ പഠിപ്പിക്കുകയും ചെയ്യും. അതുപോലെ, AI സിസ്റ്റങ്ങൾ പാറ്റേണുകൾ കണ്ടെത്തി പ്രവചനങ്ങൾ നടത്തി ചിത്രങ്ങൾ, വാചകം അല്ലെങ്കിൽ സംഭാഷണം പോലെയുള്ള ഡാറ്റയുടെ കൂമ്പാരങ്ങളിൽ നിന്ന് പഠിക്കുന്നു.
നമ്മളെപ്പോലെ തന്നെ വസ്തുക്കളെ കാണാനും തിരിച്ചറിയാനും കമ്പ്യൂട്ടറിനെ പഠിപ്പിക്കുന്നത് പോലെയാണിത്.

## AI യുടെ പ്രാധാന്യം

നമ്മുടെ ജീവിതത്തിൻ്റെ മിക്കവാറും എല്ലാ മേഖലകളെയും പരിവർത്തനം ചെയ്യാനുള്ള കഴിവ് AI യ്ക്കുണ്ട്. മികച്ച തീരുമാനങ്ങൾ എടുക്കുന്നതിനും ആരോഗ്യ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും മറ്റും നമ്മെ സഹായിക്കാൻ കഴിയുന്ന ഒരു അദൃശ്യ സഹായിയെ പോലെയാണിത്. AI മനസ്സിലാക്കുന്നതിലൂടെ, അതിൻ്റെ വികസനം രൂപപ്പെടുത്തുന്നതിൽ ഞങ്ങൾ സജീവ പങ്കാളികളാകുന്നു, അത് എല്ലാവർക്കും പ്രയോജനം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

# നമ്മുടെ ഭൂമി

മറന്നുപോകുന്ന ആ നല്ല ഭൂമിയെ
മാലിന്യ കുമ്പാരങ്ങൾ കിടയിൽ
ഒത്തിരി ആശിച്ചപോകുന്നിതാ
ആ സ്വപ്ന ഭൂമിയെ ഒന്ന
തിരിഞ്ഞു നോക്കാൻ
ആരെൻെ ഭൂമിയെ വേദനിപ്പി-
ച്ചിടുന്നു? മുറിവേറ്റ പോലെൻെ ഭൂമി
നിൽപ്പൂ
ഒരോ ദു:രന്തമായ്  തിരിച്ചടിക്കുമ്പോൾ
എത്ര പറഞ്ഞു നമ്മളെല്ലാം
ശുദ്ധവായുവിൽ സുഗന്ധം മറന്നേപോയ്
ആ കുയിൽ രാഗത്തിൻെ വരികൾ
മറന്നേപോയ്
നീറി  നിൽക്കുന്നെൻെ ഭൂമിക്കു
താങ്ങായ് ആരുണ്ടിവിടെ ഈ
തളർന്ന ഭൂമിയിൽ

# എന്റെ അച്ഛൻ

ഞാനറിയാതെയെൻ
കാവലായി-
യെന്നും കൂടെ നിന്നു.
നല്ലതും പഠിപ്പിച്ചു നല്ലതു-
പറഞ്ഞെന്റെ
വഴികാട്ടിയായെന്നച്ഛൻ
എന്നും എനിക്ക്
തണലായിയെനച്ഛൻ
ഞാനറിയാതെ പോയ്
എൻ
അച്ഛൻ തൻ ത്യാഗം.....
ഞാൻ കണ്ണുതുറന്ന
മുതൽക്കെ-
എനിക്കായി ഉഴിഞ്ഞുവച്ച
ജീവിതം ......
അറിയുവിൻ നിങ്ങൾതൻ
അച്ഛ
നെ സ്നേഹിക്കുവിൻ





# മാതൃസ്നേഹം

ചിന്ത തൻ വസന്തം എൻ ഉള്ളിൽ
ഉണർന്നൊരു നാൾ മുതൽ ഞാൻ,
ജനയിത്രിയാമമൃതിന്റ സ്നേഹം നുകരുവാൻ ആശ തോന്നി.
അമ്മ തൻ ചൂടേറ്റു കിടന്ന കാലം,
ചിന്ത ശൂന്യമായ ആ മനസ്സും
ബാല്യകാലത്തെ സമൃദ്ധമാക്കും,
അമ്മ തൻ വാത്സല്യം ചേർന്നിടുമ്പോൾ.
ശ്രീയായി ഉള്ളിൽ പ്രഭ ചൊരിഞ്ഞിടുമ്പോൾ,
ചിന്തകളേറിയ മനസ്സിനു ശക്തിക്കായി
ഔഷധമായമ്മ തീർന്നിടുന്നു.

- റോൺ മരിയ. കെ. എസ്

# മായാമയൂരം

വളരുന്ന ഭൂമിയിൽ വളരുന്ന ചിന്തകൾ.
ഓർമകൾ മാഞ്ഞാലും മായാത്ത ഫയലുകൾ.
നടന്നുനീങ്ങിടുന്ന വളരുന്ന ബോട്ടുകൾ.
കാണാത്ത മനുഷ്യനെ കാണുന്ന ചിത്രങ്ങൾ.
ഓർക്കുമോ നീ......
മാഞ്ഞ നാൾ മുത്തുകൾ
വളരുന്ന സാങ്കേതങ്ങൾ.
വളരാത്ത ചിന്തകൾ.
ഫോണിലിരിക്കുന്ന കുട്ടി കരയില്ല.
ഗേയ്മിലിരിക്കുന്ന കുട്ടി ചിരിക്കില്ല.
ചിരിക്കാത്ത, കരയാത്ത റോബോട്ടു കുട്ടികൾ

- വൈഷ്ണവി .പി



# നരബലി

ശിയുഗത്തിലേക്ക് വിതിതൻ കരങ്ങൾ
പിറക്കൂട്ടു വലിക്കുമ്പോൾ ,
മനുഷ്യത്വം ബസ്സയായതെങ്ങോ മറഞ്ഞിരിപ്പ

കട്ടാരിതിനു മേൽ കാറപറ്റിയാൽ
കാതിഏറിയും കുന്തിരികത്തിൽ
ചൂടും ചുവയും ചാമർപ്പായ
ചാഞ്ചാട്ടമാടിയാൽ ;
ഇതാ നമ്മെ വിളിക്കുന്നു
ചിതല്പ്പിടിച്ച പഴയ ഓതിയ
കേരളനൗക!

വാൾതലങ്ങൾ മിഥ്യകളാൽ മൂടിയാൽ ,
അന്ധവിശ്വാസത്തിനന്ന്ധകാരത്തിലേക്കു
അടി പതിച്ചാൽ
ആവാഹിച്ചെടുക്കുന്നതൈശ്വര്യമാണത്രെ !
അരിഞ്ഞെടുക്കുന്നത് കഴുത്തുകളില്ലയോ ?

ഹൃദയം ചതതാനോ
മാനുഷത്വം മാഞ്ഞതാണോ
മനസ്സൊന്ന് പിഞ്ഞതാണോ ?
നീനയ്ക്ക് നവ സമൂഹമേ
പിന്തിരിയാനൊട്ടേറെയായില്ലേ ?
അനങ്ങു നയനകളെ ,
മരിക്കാനിനിയാരെ കാത്തിരിപ്പൂ .

# ജീവന

നാം ജീവിക്കുന്ന പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മളുടെ കടമയാണ്. പ്രകൃതിയെ നാം സംരക്ഷിച്ചില്ലെങ്കിൽ ആര് സംരക്ഷിക്കും എന്നത് നമ്മളോടുള്ള ഒരു ചോദ്യമാണ് ജീവിതത്തിൽ. ഇവിടെ ജീവിക്കുമ്പോൾ നമുക്ക് ജീവൻ നിലനിർത്താൻ വേണ്ടി ഭൂമിയിലെ മരങ്ങളെയും മൃഗങ്ങളെയും സുരക്ഷിക്കണം. ദൈവത്തിലെ മനോഹരമായ ഒരു സൃഷ്ടിയാണ് ഈ ഭൂമി. ഇതിലെ ഓരോ ചെറിയസാധനങ്ങൾക്കും പറയാനുണ്ടാകും അവരുടെ ജീവിത കഥ . എന്നാൽ അതറിയാൻ ഇവിടെ ജീവിക്കുന്ന മനുഷ്യർക്ക് താല്പര്യവും സമയവും ഇല്ല . അവർ അവരുടേതായ ലോകത് ജീവിച് കൊണ്ടിരിക്കുകയാണ് . നമ്മൾ ഒരു സമയത് ചെറിയ പൂമ്പാറ്റയോ പൂചയോ കടന്നുപോകുമ്പോൾ നമ്മൾ ആ സമയം സങ്കടങ്ങൾ മറന്ന് അവയെ നോക്കി നിൽക്കും നമ്മളുടെ സമാധാനത്തിനും സന്തോഷത്തിനും വേണ്ടി നമ്മൾ ചെടികൾ നടുകയും അവയെ പരിഭാലിക്കുകയും ചെയ്യും

# നിഴൽ

നിലാവെളിച്ചത്തിന്റെ  നിഴൽ വീണ
വഴിയിലേക്ക് ജനാലയിൽ വിടവിലൂടെ
പുറത്തേക്ക്
നോക്കി ഇരിക്കുന്ന ആ രാക്കുയിൽ....
ആ മിഴികൾ ആരെയോ
തിരയുന്നുണ്ട് ...
ആ കാതുകൾ എന്തോ കേൾക്കാൻ
ആഗ്രഹിക്കുന്നുണ്ട് ...
ആ സങ്കടങ്ങളെ ഒരു പാട്ടിലൊതുക്കി
അവൾ പാടി തുടങ്ങി ...
കേൾക്കുന്നവർക്ക് അത് മധുര ഗാനം .
ആ മധുര ഗാനം അവളിൽ നിന്ന്
പൊഴിഞ്ഞ് വീഴുന്ന
കണ്ണീർ കണങ്ങളായിരുന്നു എന്നത്
ഇന്ന് ഈ
ലോകത്തിൽ ഒരാൾ മാത്രം
തിരിച്ചറിഞ്ഞു .....

# ഞാൻ

എനിക്ക് ഞാൻ ആവാനെ.. പറ്റൂ.....
മറ്റുള്ളവരെ കണ്ട് അതുപോലെ
അഭിനയിക്കാനൊന്നും
എന്നെകൊണ്ട് പറ്റില്ല
ഉള്ളിൽ വെറുപ്പ് വെച്ച് പുറമെ
സ്നേഹം
അഭിനയിക്കാൻ എനിക്കറിയില്ല....
ദേഷ്യം വന്നാൽ ദേഷ്യപ്പെടും
സ്നേഹം തോന്നിയാൽ ജീവന് തുല്യം
സ്നേഹിക്കും.....

# പരാജയമെന്നത് വിജയമോ?

ജീവിതത്തിൽ നമുക്ക് പരാജയം സംഭവിച്ചിട്ടുണ്ടെങ്കിൽ അവിടെ നിന്നാണ് വിജയത്തിന്റെ ജീവിതം ആരംഭിക്കുന്നത്. അതെ നമുക്ക് ജീവിത പരാജയങ്ങളെ നേരിടാം......

ഒരു വ്യക്തിയുടെ ജീവിതത്തിന്റെ നിഴലുകളായി വരുന്ന രണ്ടു കാര്യങ്ങളാണ് വിജയവും പരാജയവും. ചിലപ്പോൾ നമ്മുടെ കൂടെ വിജയത്തിന്റെ നിഴലുകളായിരിക്കും ചിലപ്പോൾ അത് മാറി പരാജയത്തിന്റെ നിഴലായിരിക്കാം . ഏത് നിഴൽ വന്നാലും നമ്മുടെ ആത്മവിശ്വാസം കൈവിടാതെ ലക്ഷ്യ സ്ഥാനത്തേക്കുള്ള ചുവടുവെപ്പുകൾ തുടർന്ന് കൊണ്ടിരിക്കുന്നതിലാണ് വിജയം . ജീവിതത്തിൽ വിജയം മാത്രം കൈവരിച്ചവരായിട്ടാരുമില്ല അതുപോലെ പരാജയത്തിൽ മാത്രം കുടുങ്ങിയവരാരുമില്ല . നിങ്ങൾ കേട്ടിട്ടുണ്ടോ അങ്ങനെ ? ഇല്ല വിജയവും പരാജയവും ഇടകലർന്നതാണ് ജീവിതം . അതുപോലെ ജീവിതമുടനീളം ജീവിതത്തിൽ നമുക്ക് പരാജയം സംഭവിച്ചിട്ടുണ്ടെങ്കിൽ അവിടെ നിന്നാണ് വിജയത്തിന്റെ ജീവിതം ആരംഭിക്കുന്നത്. അതെ നമുക്ക് ജീവിത പരാജയങ്ങളെ നേരിടാം......



ഒരു വ്യക്തിയുടെ ജീവിതത്തിന്റെ നിഴലുകളായി വരുന്ന രണ്ടു കാര്യങ്ങളാണ് വിജയവും പരാജയവും. ചിലപ്പോൾ നമ്മുടെ കൂടെ വിജയത്തിന്റെ നിഴലുകളായിരിക്കും ചിലപ്പോൾ അത് മാറി പരാജയത്തിന്റെ നിഴലായിരിക്കാം . ഏത് നിഴൽ വന്നാലും നമ്മുടെ ആത്മവിശ്വാസം കൈവിടാതെ ലക്ഷ്യ സ്ഥാനത്തേക്കുള്ള ആഡംബരത്തോടെയും സന്തോഷത്തോടെയും ജീവിക്കാൻ കഴിയുമോ?ഇല്ല ഒരിക്കലും ഇല്ല സുഖ ദുഃഖങ്ങളാൽ കൂടിച്ചേർന്നതാണ് ജീവിതം ജീവിതത്തിൽ പരാജപ്പെടുമ്പോൾ നാം മനസ്സിലാക്കേണ്ടത് അതിനേക്കാൾ വലിയ വിജയം നമുക്കിടയിൽ വരാനുള്ളതു ണ്ട് അവിടെ ദൈവം നമ്മളെ പരീക്ഷിക്കുന്നു.

ജീവിതത്തിൽ നാം വിജയം കൈവരിച്ചിട്ടുണ്ടെങ്കിൽ അത് നമ്മുടെ കഠിനാധ്വാനത്തിന്റെയും പ്രയത്നത്തിന്റെയും ഫലമാണ്. പക്ഷെ ചിലപ്പോൾ നാം ചിന്തിക്കും "എന്താ എത്ര പ്രയത്നിച്ചിട്ടും എനിക്ക് മാത്രം എപ്പോഴും പരാജയമാണെന്ന് ?" അവിടെയാണ് നാം ഓരോരുത്തരും തളർന്നു പോകുന്നത്. പക്ഷെ നിങ്ങൾ കൊണ്ടാമനസ്സിലാക്കേണ്ടത് അവിടെ തളരുന്നതിൽ ഫലവും വിജയവുമില്ല. നേരെമറിച്ച അവിടെ തളരാതെ ആത്മവിശ്വാസത്തോടെയും ഉജ്ജ്വല മനസ്സോടെയും നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ അതാണ് നമ്മുടെ ജീവിത വിജയത്തിന്റെ നേട്ടമുണ്ട്. ആത്മവിശ്വാസവും ധൈര്യവും മനക്കരുത്തുമുണ്ടെങ്കിൽ ഏത് പരാജയത്തെയും മറികടന്ന് ജീവിത വിജയം കൈവരിക്കാൻ സാധിക്കുന്നതാണ്. ആത്മവിശ്വാസത്തിന്റെയും മനക്കരുത്തിന്റെയും മുന്നിൽ ഏതൊരു സംഭവബഹുലവുമായ കാര്യവും പരാചയപ്പെടില്ല അത് ജീവിത വിജയത്തിന്റെ നേർവഴിയിലൂടെ സഞ്ചരിക്കുക തന്നെ ചെയ്യും.

# പരീക്ഷണമഴ

കടലായ് അലറിയടുത്ത്
കാറ്റായ് വീശിയടുത്ത്
ഭൂമി വിഴുങ്ങിയ പരീക്ഷണ മഴ
ഭീതിതൻ കണ്ണുകളിലതാ
രാത്രിയെങ്ങും
പേടിച്ചു വിറച്ചു ഞാനുമന്ന്...

മഴയായ് ചിതറിയടുത്ത്
ഇടിയായ് മുഴങ്ങിയടുത്ത്
എന്നെ വിഴുങ്ങിയ കണ്ണീർ മഴ
ഭീതിയിൽ ഞാനെല്ലാമടുക്കിടുമ്പോൾ
എന്നമ്മതൻ കണ്ണുകളിൽ പെയ്ത മഴ

ഒരു കൂട്ടം ജനതയെ ദാരിദ്രമാറിയിച്ച്
തോരാതെ പെയ്തൊരാ മഴ
കേരള ജനതയതൊന്നായി നിന്നിടാൻ
ദൈവം നൽകിയ പരീക്ഷണ
മഴ

# പൊതിച്ചോർ

പണ്ട് പണ്ട്, ഒരു ദിവസം അപ്പ എന്നൊരു മിടുക്കൻ കുട്ടിയുണ്ടായിരുന്നു .അവന് പഠിക്കാൻ നല്ല ഇഷ്ടമായിരുന്നു. എന്നാൽ അവന്റെ അച്ഛൻ ഒരു കൂലിപ്പണിക്കാണ് പോവുന്നത്. അതുകൊണ്ട് തന്നെ അവന്റെ ചില കാര്യങ്ങൾ കൃത്യമായൊന്നും നടക്കാറില്ല . അവൻ ഒരു സ്കൂളിലേക്ക് പോവാറുണ്ട്. എന്നാൽ, അവിടെ ഉച്ചഭക്ഷണം കഴിക്കാൻ തുടങ്ങാനുള്ള മണി അടിച്ചാൽ അവൻ സങ്കടമാകും. കാരണം, എല്ലാ കുട്ടികളും ഭക്ഷണം കൊടുന്നിട്ടുണ്ടാവും . എന്നാൽ അപ്പ ഒന്നും കൊണ്ടുവന്നിട്ടുണ്ടാവില്ല.അവന്റെ ക്ലാസ്സിൽ അവൻ ഒരു കൂട്ടുകാരനുണ്ടായിരുന്നു.അവന്റെ പേര് ദപ്പ എന്നാണ്. ദപ്പ കുറച്ച ധനികനാണ് .എങ്കിലും അവൻ ആരോടും അഹങ്കാരം ഉണ്ടായിരുന്നില്ല. ദപ്പുവിന്റെ അച്ഛനും അമ്മയ്ക്കും അവൻ അപ്പുവിനോട് സംസാരിക്കുന്നതും ഇഷ്ടമല്ലായിരുന്നു.

അങ്ങനെ ഒരു ദിവസം, ദപ്പ അപ്പുവിന്റെ കൂടെ ഭക്ഷണം കഴിക്കാൻ നിൽക്കുമ്പോൾ അപ്പുവിനെ കാണാനില്ല. പിന്നീടാണ് അവൻ ശ്രദ്ധിച്ചത്, ഒരു തൂണിൽ വിശന്ന് അവശനായി കിടക്കുകയായിരുന്നു. ദപ്പ അവനോട് പറഞ്ഞു: "നിനക്ക് ഞാൻ ഭക്ഷണം തരാം". അത് കേട്ടപ്പോൾ അപ്പുവിന് സന്തോഷമായി. ദപ്പ അപ്പുവിന് എല്ലാ ദിവസവും പൊതിച്ചോർ കൊണ്ട് കൊടുക്കുമായിരുന്നു. അപ്പ ആയിരിന്നു അവന്റെ ക്ലാസ്സിൽ ഒന്നാമൻ. ഇപ്പോൾ അവന് നല്ല സന്തോഷത്തിലാണ്. അവൻ ഭക്ഷണവും കിട്ടുന്നുണ്ട്. അപ്പ കുറെ പുസ്തകങ്ങൾ എഴുതി അവന്റെ കൂട്ടുകാർക്ക് കൊടുക്കുമായിരുന്നു. അവൻ നല്ലൊരു എഴുത്തുകാരനായിരിന്നു . അപ്പുവിന്റെ ആ കഴിവ് അവന്റെ അച്ഛനും അമ്മയും അറിഞ്ഞില്ല . ആ കഴിവിനെ ദപ്പ പ്രോത്സാഹിപ്പിച്ചിരിന്നു.

അപ്പുവും ദപ്പുവും വലുതായി. ദപ്പ അവൻ ഇഷ്ടമുള്ള വിഷയം എടുത്ത് പഠിക്കാൻ തുടങ്ങി . അപ്പുവിന് പഠിക്കാൻ ഇഷ്ടമുണ്ടെങ്കിലും പണം ഉണ്ടായില്ല. ഒരു നേരം നല്ലോണം ഭക്ഷണം കഴിക്കാൻ കഴിയുന്നില്ല. ഒരു ദിവസം , അപ്പ അവന്റെ ചെറുപ്പ കാലത്ത് അനുഭവിച്ച സന്തോഷങ്ങളും ദുഃഖങ്ങളും അടങ്ങിയ ഒരു പുസ്തകം തയ്യാറാക്കി .പേര് "പൊതിച്ചോറ്" എന്നായിരുന്നു .ആ പൊതിച്ചോർ അവന്റെ ജീവിതം ആകെ മാറി മറിച്ചു. "പൊതിച്ചോർ" എന്ന പുസ്തകം ആളുകളുടെ മനസ്സിൽ ഇടം പിടിച്ചു. അവന്റെ സങ്കൽപ്പങ്ങളും ദുരിതങ്ങളും ചേർത്ത് അവൻ കുറെ പുസ്തകങ്ങൾ ഉണ്ടാക്കി. ആളുകൾക്ക് അവന്റെ ഭാഷാശൈലികൾ ഇഷ്ടമായി. എന്നാൽ , അവന്റെ ആഗ്രഹം അവന് ഐക്യ രാഷ്ട്രസഭയുടെ നേതൃത്വം വഹിക്കുന്ന ആരെങ്കിലും ആകണം എന്നായിരുന്നു. എന്നിട്ട്. എല്ലാവര്ക്കും പൊതിച്ചോറ് എത്തിക്കുക. അതുകഴിയാത്തതിനാൽ അവൻ എല്ലാ ദിവസവും കുറെ പേർക്ക് പൊതിച്ചോർ കൊടുക്കുമായിരുന്നു. അപ്പുവിനെ തേടി എഴുത്തിലൂടെ കുറേ അധികം പുരസ്കാരങ്ങളും നേട്ടങ്ങളും വന്നു. അപ്പുവും അവന്റെ അച്ഛനും അമ്മയും ഇപ്പോൾ സന്തോഷത്തോടെ ജിവിക്കുന്നു.

# പുലർക്കാല സ്വപ്നം

കിഴക്ക നിന്ന് സൂര്യന്റെ പ്രകാശം ആ ഗ്രാമത്തിലെ പ്രഭാതത്തെ തൊട്ടുണർത്തി നിറയെ പച്ചപ്പ് നിറഞ്ഞ പുൽമേട്ടുകൾ, പാടത്ത് വിളയാൻ കാത്ത് നിൽക്കുന്ന ഞാറുകൾ, സമീപത്തെ തോടിൽ നിന്നും ചാലുകൾ കീറി  പാടത്തേക്ക് വെള്ളമൊഴുക്കി വിടുന്നു, മരച്ചില്ലയിൽ നിന്നും കിളികൾ ശബ്ദമുണ്ടാക്കി പറക്കുന്നു. തൊട്ടടുത്തുള്ള പുഴയിൽനിന്നും വെള്ളം കുത്തിയൊലിച്ച് ഒഴുക്കുന്ന ശബ്ദങ്ങൾ.....

നല്ല തണുപ്പുണ്ട്.... ഉണ്ണിക്കുട്ടന് രാവിലെ എണീക്കാൻ മടിയാണ്... ജനവാതിലുകൾ തുറക്കുന്ന ശബ്ദം ..അടുക്കളയിൽ നിന്നും അമ്മയുടെ ശബ്ദം നേരിയ തോതിൽ കേൾക്കാമായിരുന്നു....അമ്മ അച്ഛനോട് എന്തൊക്കെയോ സംസാരിക്കുന്നത് കേൾക്കാമായിരുന്നു. പൂക്കളത്തിന്റെ കാര്യവും സദ്യയുടെ കാര്യമൊക്കെയായിരുന്നു സംഭാഷണം. അപ്പോഴാണ് ഉണ്ണിക്കുട്ടൻ ഓർത്തത് ഇന്ന് പൊന്നോണം ആണല്ലോ..... ഉണ്ണിക്കുട്ടൻ പെട്ടന്ന് കിടക്കയിൽ നിന്ന് എണീറ്റു.അപ്പോഴേക്കും അമ്മ അടുത്ത് വന്ന ഉണ്ണിക്കുട്ടന്റെ അടുത്ത് വന്ന് പറഞ്ഞു. "ആഹാ നേരത്തെ എണീറ്റല്ലോ നല്ല കുട്ടി ഇന്ന് തിരുവോണം അല്ലെ.... വേഗം പല്ല് തേച്ച് കുളിച്ച് വരു..... അത് കേട്ടപാടെ സന്തോഷത്തോടെ ഉണ്ണിക്കുട്ടൻ ഉമ്മറത്ത് ചായ കുടിച്ച് കൊണ്ടിരിക്കുന്ന അച്ഛന്റെ അരികിൽ എത്തി .അച്ഛൻ പറഞ്ഞു

"ഗുഡ്മോർണിംഗ്.... ഉണ്ണിക്കുട്ടാ.... വേഗം റെഡി ആയി വരു... പൂക്കളം തയ്യാറാക്കേണ്ടേ....വേണം അച്ഛാ.... ഞാൻ വേഗം വരാം" എന്ന് പാഞ്ഞുകൊണ്ട് കൊണ്ട് പല്ല് തേയ്ക്കാനും കുളിക്കാനുമായി ഉണ്ണിക്കുട്ടൻ പോയി. ഈ സമയത്ത് അച്ഛൻ അമ്മയുമായി സദ്യ ഉണ്ടാക്കുന്നതിനെ പറ്റിയുമൊക്കെ സംസാരിക്കുകയായിരുന്നു ഉണ്ണിക്കുട്ടൻ കുളിച്ച് വന്നപ്പോഴേക്കും തലേ ദിവസം അച്ഛൻ കൊണ്ട് വന്ന പൂവുകൾ എല്ലാം ഉമ്മറത്ത് വെച്ച് ചേച്ചിയും ഏട്ടനും റെഡിയാക്കുന്നുണ്ടായിരുന്നു. മല്ലികയും, ജമന്തിയും ,വാടാമല്ലിയും, റോസാപൂക്കളും ഒക്കെയുമായിരുന്നു. ഉണ്ണിക്കുട്ടനും അവരുടെ കൂടെ ചേർന്നു. അച്ഛൻ മുറ്റത്തുള്ള പൂക്കളത്തറയിൽ  ഈർക്കിൽ കൊണ്ട് ചിത്രം വരയ്ക്കുന്നുണ്ടായിരുന്നു. വരച്ചതിനുശേഷം ചേച്ചിയും ഏട്ടനും ഉണ്ണിക്കുട്ടനും ചേർന്ന് പൂക്കളമൊക്കെ റെഡിയാക്കി. നല്ലഭംഗിയുണ്ടായിരുന്നു പൂക്കളത്തിന്.ചേച്ചിയും ഏട്ടനും ഉണ്ണിക്കുട്ടനും ഓണത്തിന് വാങ്ങിയ പുതു വസ്ത്രങ്ങൾ എല്ലാം അണിഞ്ഞിരുന്നു. മുറ്റത്തിന് അരികിലുള്ള മാവിന്റെ കൊമ്പിൽ വലിയ ഊഞ്ഞാൽ അച്ഛൻ കെട്ടി തന്നിരുന്നു ആ ഊഞ്ഞാലിൽ കയറി ഊഞ്ഞാലാടുവാൻ ചേച്ചിയും ഏട്ടനും തിരക്ക് കൂടിക്കൊണ്ടിരിക്കുന്നു. അപ്പുറത്തുള്ള വീട്ടിലുള്ള കണ്ണേട്ടനും അപ്പുവും മാളവികചേച്ചിയും ഒക്കെ വന്നു. എല്ലാവരും കൂടി ഊഞ്ഞാലാടി.... നേരം പോയതറിഞ്ഞില്ല അമ്മ ഉമ്മറത്ത് വന്ന് വിളിക്കുന്നുണ്ടായിരുന്നു."എല്ലാവരും വന്നേ... ഊണ് റെഡിയായിട്ടുണ്ട് വേഗം വരു..."എന്ന് പറഞ്ഞു കൊണ്ട് അമ്മ അകത്തു പോയി. ഉണ്ണികുട്ടനും ചേച്ചിയും ഏട്ടനും ഒക്കെ കയ്യും കാലും ഒക്കെ കഴുകി ആകത്ത് കയറി ചെന്നു. നല്ല പായസത്തിന്റെ  മണം... എല്ലാവരും ടേബിളിന് ചുറ്റും ഇരുന്നു അമ്മ എല്ലാവർക്കും ഇലയിട്ട് സദ്യ വിളമ്പി എല്ലാവരും നന്നായി കഴിച്ചിരുന്നു ഉണ്ണിക്കുട്ടൻ പായസം കുറെ കഴിച്ചു വയർ വീർത്തിരുന്നു. എല്ലാം കഴിഞ്ഞ് കുറച്ച് കഴിഞ്ഞപ്പോൾ അച്ഛൻ പറയുന്നുണ്ട് അച്ഛന് അമ്മയുടെ വീട്ടിൽ പോകണം എന്ന് അപ്പോൾ ഉണ്ണിക്കുട്ടന് വളരെ സന്തോഷമായി. അമ്മയുടെ വീട്ടിൽ ചെന്നാൽ നല്ല രസമാണ് അവിടെ അമ്മമ്മയും മുത്തശ്ശിയും ഒക്കെ ഉണ്ടാവും വീടിന്റെ അടുത്തുള്ള കുളത്തിൽ നീന്തി കുളിക്കാം , അവിടെയുള്ള കൂട്ടുകാരുടെ കൂടെ കളിക്കാം, മുത്തശ്ശിയുടെ കഥ പറച്ചിൽ കേൾക്കാം എല്ലാം നല്ല രസമായിരിക്കും സമയം  വൈകേണ്ട വേഗം പോകാം എന്ന് അമ്മ അകത്തുനിന്നു പറയുന്നുണ്ടായിരുന്നു. ഉണ്ണികുട്ടനും അമ്മയും ചേച്ചിയും ഏട്ടനും അച്ഛനും പോകാൻ റെഡിയായി.....

. വീടിന്റെ വാതിലുകളെല്ലാം അടച്ച് താഴിട്ട് പൂട്ടി എല്ലാവരും ബസ്സിൽ പോകാൻ ബസ്സ് സ്റ്റോപ്പിലേക്ക് നടന്ന്  നീങ്ങി.... അതാ അകലെ നിന്ന് ഒരു ബസ് വന്ന് നിർത്തി എല്ലാവരും അതിൽ കയറി ഉണ്ണികുട്ടനും അമ്മയും ഒരു സീറ്റിൽ ,ചേച്ചിയും ഏട്ടനും വേറെ സീറ്റിൽ ,അച്ഛന് സീറ്റ് കിട്ടിയിരുന്നില്ല. ബസ് വളരെ വേഗത്തിൽ പോകുന്നുണ്ടായിരുന്നു കുറച്ച ദൂരം കൂടി കഴിഞ്ഞപ്പോൾ ബസ്സിന് വേഗത കൂടി ബസ്സിലുള്ളവരൊക്കെ ചെരിയാനും വീഴാനും ഒക്കെ പോയി ..... പെട്ടന്ന് ഒരു വളവിൽ എത്തിയപ്പോൾ ബസ്സ് വലിയ ശബ്ദത്തോടെ ഒരു മരത്തിലേക്ക് പിടിക്കുന്നതും ബസ്സ് മറിയുന്നതും ഒപ്പമായിരുന്നു .... കൂട്ട നിലവിളികൾ കേൾക്കാമായിരുന്നു ആരൊക്കെയോ ഓടി കൂടുന്നുണ്ട് ഉണ്ണിക്കുട്ടന് ശ്വാസം കിട്ടുന്നില്ല. ആഞ്ഞ്  ശ്വാസം വലിച്ച് മെല്ലെ തല പൊക്കി നോക്കിയപ്പോൾ ചേച്ചിയും ഏട്ടനും കരയുന്നുണ്ടായിരുന്നു. അവരുടെ ശരീരത്തിലാകെ  മുറിവുകൾ ഉണ്ടായിരുന്നു അമ്മയെ നോക്കിയപ്പോൾ അമ്മ അച്ഛനെ കെട്ടിപ്പിടിച്ച് കരയുന്നുണ്ടായിരുന്നു. അച്ഛൻ ഒന്നും മിണ്ടുന്നില്ല ..... ഉണ്ണിക്കുട്ടൻ അച്ഛനെ വിളിക്കുന്നുണ്ടായിരുന്നു അച്ഛാ ..... അച്ഛാ ..... ഉറക്കെ വിളിച്ചു. അച്ഛാ .... അച്ഛാ ........

അപ്പോഴാണ് അമ്മ അടുക്കളയിൽ നിന്ന് ഓടി വന്നു കിടക്കയിൽ പുതച്ചു മൂടികിടക്കുന്ന ഉണ്ണിക്കുട്ടനെ നോക്കി വിളിച്ചു പറയുന്നുണ്ടായിരുന്നു എന്താ ഉണ്ണികുട്ടാ..... എന്തുപറ്റി .....രാവിലെ തന്നെ വല്ല സ്വപ്നവും കണ്ടോ..... എണീക്കൂ..... അമ്മ ഉണ്ണിക്കുട്ടനെ വിളിക്കാൻ തുടങ്ങി ..... ഉണ്ണിക്കുട്ടൻ ഞെട്ടി ഉണർന്നു ഉണ്ണിക്കുട്ടൻ കണ്ണ് തുറന്ന് നോക്കുമ്പോൾ അമ്മ നേരെ മുൻപിൽ...... ബസ്സും ഇല്ല ഒന്നും ഇല്ല ഞാൻ കണ്ടതൊക്കെ സ്വപ്നമാണെന്ന് അപ്പോഴാണ് ഉണ്ണിക്കുട്ടന് മനസിലായത്.... ഉണ്ണിക്കുട്ടൻ എണീറ്റ് ഉമ്മറത്തേക്ക് പോയി ഇരുന്നു ഇന്ന് ഓണമാണ് പക്ഷേ ഉണ്ണിക്കുട്ടന്റെ വീട്ടിൽ ഓണം ഇല്ല . അവന്റെ അച്ഛൻ മരിച്ചിട്ട് ഒരു വർഷം തികഞ്ഞിരുന്നില്ല . അപ്പുറത്തുള്ള കണ്ണേട്ടന്റെ വീട്ടിൽ ഒക്കെ നല്ല ഓണത്തിന്റെ പൂക്കളം ഒക്കെ ഇടുന്നതിരക്കിലാണ് ഉണ്ണിക്കുട്ടന്റെ വീടിന്റെ മുറ്റത്ത് പൂക്കളമില്ല . പറമ്പിൽ മാവിൽ ഊഞ്ഞാലില്ല ..... ഉണ്ണിക്കുട്ടൻ സങ്കടംവന്ന് അമ്മയുടെ  അടുത്തേക്ക് ഓടി പോയി . അമ്മയെ കെട്ടിപ്പിടിച്ച് കരഞ്ഞ് കൊണ്ട് അമ്മയോട് പറഞ്ഞു "അമ്മ ഞാൻ അച്ഛനെ  സ്വപ്നം കണ്ടു ..." അമ്മ ഉണ്ണി കുട്ടനെ മാറോട് ചേർത്ത് വാരി പുണർന്ന് പറയുന്നുണ്ടായിരുന്നു സാരമില്ല ... സാരമില്ല അമ്മയുടെ മോൻ പല്ല് തേച്ച് കുളിച്ചുനല്ല കുട്ടിയായിവരൂ... അതുപറയുമ്പോൾ അമ്മയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ധാരയായി ഒഴുകുന്നുണ്ടായിരുന്നു ..... .

# സച്ചിൻ തെണ്ടുൽകർ

സച്ചിൻ ടെണ്ടുൽക്കർ (ജനനം ഏപ്രിൽ 24, 1973, ബോംബെ [മുംബൈ], ഇന്ത്യ) ഇന്ത്യൻ പ്രൊഫഷണൽ ക്രിക്കറ്റ് കളിക്കാരൻ, എക്കാലത്തെയും മികച്ച ബാറ്റ്സ്മാൻമാരിൽ ഒരാളായി പലരും കണക്കാക്കുന്നു. 2012-ൽ അന്താരാഷ്ട്ര കളിയിൽ 100 സെഞ്ച്വറികൾ (ഒറ്റ ഇന്നിംഗ്സിൽ 100 റൺസ്) നേടുന്ന ആദ്യ ക്രിക്കറ്റ് താരമായി.

11 വയസ്സുള്ളപ്പോഴാണ് സച്ചിന് തൻ്റെ ആദ്യ ബാറ്റ് ലഭിച്ചത്. 14 വയസ്സുള്ളപ്പോൾ, ഒരു സ്കൂൾ മത്സരത്തിൽ 664 എന്ന ലോക റെക്കോർഡിൽ നിന്ന് 329 സ്കോർ ചെയ്യാൻ അദ്ദേഹം അത് ഉപയോഗിച്ചു. ഒരു വർഷത്തിനുശേഷം, ബോംബെയ്ക്ക് (മുംബൈ) വേണ്ടി ഫസ്റ്റ് ക്ലാസ് അരങ്ങേറ്റത്തിൽ അദ്ദേഹം സെഞ്ച്വറി നേടി, 16 വയസ്സ് 205 ദിവസങ്ങളിൽ അദ്ദേഹം ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ ടെസ്റ്റ് (അന്താരാഷ്ട്ര) ക്രിക്കറ്റ് കളിക്കാരനായി, 1989 നവംബറിൽ കറാച്ചിയിൽ പാകിസ്ഥാനെതിരെ ആ അരങ്ങേറ്റം കുറിച്ചു. [18] ഓസ്ട്രേലിയയിൽ രണ്ട് സെഞ്ച്വറികൾ (സിഡ്നിയിൽ 148, പെർത്തിൽ 114), 1994ൽ വെസ്റ്റ് ഇൻഡീസിനെതിരെ 179 റൺസ് നേടി. 1996 ഓഗസ്റ്റിൽ, 23-ാം വയസ്സിൽ, സച്ചിൻ തൻ്റെ രാജ്യത്തിൻ്റെ ടീമിൻ്റെ ക്യാപ്റ്റനായി. 1996 ലോകകപ്പിൻ്റെ സെമിഫൈനലിൽ ഇന്ത്യ പരാജയപ്പെട്ടെങ്കിലും, 523 റൺസുമായി സച്ചിൻ ടൂർണമെൻ്റിലെ ടോപ് സ്കോററായി. 1997-98 സീസണിലെ മികച്ച പ്രകടനത്തിന് ഒരു ഇന്ത്യൻ അത്ലറ്റിന് നൽകുന്ന പരമോന്നത ബഹുമതിയായ രാജീവ് ഗാന്ധി ഖേൽ രത്ന അവാർഡിന് 1998-ൽ അദ്ദേഹത്തെ തിരഞ്ഞെടുത്തു. 1999 ലോകകപ്പിൽ ഇന്ത്യയെ ഓസ്ട്രേലിയ പരാജയപ്പെടുത്തി, റൗണ്ട് ഓഫ് സിക്സ് കടക്കുന്നതിൽ പരാജയപ്പെട്ടു, ആ വർഷം അവസാനം നടന്ന പരമ്പരകളിൽ ഓസ്ട്രേലിയയും ദക്ഷിണാഫ്രിക്കയും പരാജയപ്പെടുത്തി. 2003 ലോകകപ്പിൽ, സച്ചിൻ തൻ്റെ ടീമിനെ ഫൈനൽ വരെ മുന്നേറാൻ സഹായിച്ചു. ഓസ്ട്രേലിയയോട് ഇന്ത്യ വീണ്ടും പരാജയപ്പെട്ടെങ്കിലും 60.2 ശരാശരിയുള്ള സച്ചിൻ ടൂർണമെൻ്റിലെ മാൻ ഓഫ് ദ ടൂർണമെൻ്റായി തിരഞ്ഞെടുക്കപ്പെട്ടു.

2005 ഡിസംബറിൽ ശ്രീലങ്കയ്ക്കെതിരായ ടെസ്റ്റ് മത്സരത്തിൽ തൻ്റെ റെക്കോർഡ് ഭേദിച്ച 35-ാം സെഞ്ച്വറി നേടിയതോടെ സച്ചിൻ ചരിത്രം സൃഷ്ടിച്ചു. മൊത്തം 125 ടെസ്റ്റുകളിൽ ഈ നേട്ടം കൈവരിച്ചു, കൂടാതെ ഇന്ത്യൻ റൺ സ്കോറർ സുനിൽ ഗവാസ്കറെ മറികടക്കാൻ സച്ചിനെ അനുവദിച്ചു. 2007 ജൂണിൽ സച്ചിൻ മറ്റൊരു പ്രധാന നാഴികക്കല്ലിൽ എത്തി, ഏകദിന അന്താരാഷ്ട്ര (ODI) കളിയിൽ 15,000 റൺസ് റെക്കോർഡ് ചെയ്യുന്ന ആദ്യ കളിക്കാരനായി, 2011 നവംബറിൽ ടെസ്റ്റ് കളിയിൽ 15,000 റൺസ് നേടുന്ന ആദ്യ ബാറ്റ്സ്മാനായി. ഒരു മാസത്തിനുശേഷം, ദക്ഷിണാഫ്രിക്കയ്ക്കെതിരായ മത്സരത്തിൽ അദ്ദേഹം ചരിത്രപരമായ "ഡബിൾ സെഞ്ച്വറി" നേടി, ഏകദിന കളിയിലെ ഒരൊറ്റ ഇന്നിംഗ്സിൽ 200 റൺസ് റെക്കോർഡുചെയ്യുന്ന ചരിത്രത്തിലെ ആദ്യ വ്യക്തിയായി. 2010-ലെ ഇൻ്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ (ഐസിസി) ക്രിക്കറ്റർ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. 2012 മാർച്ചിൽ ബംഗ്ലാദേശിനെതിരായ ഒരു ഏകദിന മത്സരത്തിൽ, സച്ചിൻ തൻ്റെ നൂറാം അന്താരാഷ്ട്ര സെഞ്ച്വറി എന്ന റെക്കോർഡ് സൃഷ്ടിച്ചു-ഇതിൽ ടെസ്റ്റ് (51 സെഞ്ച്വറി), ഏകദിന (49 സെഞ്ച്വറി) കളികളും ഉൾപ്പെടുന്നു. ആ വർഷം അവസാനം അദ്ദേഹം ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിച്ചു. 2013-ൽ ഇന്ത്യൻ പ്രീമിയർ ലീഗിലെ (മുംബൈ ഇന്ത്യൻസ് അംഗമെന്ന നിലയിൽ) ആറ് വർഷത്തെ കാലാവധി അവസാനിപ്പിച്ച് ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചു, കരിയറിലെ ഏറ്റവും മികച്ച അന്താരാഷ്ട്ര ക്രിക്കറ്റിനുള്ള റെക്കോർഡുകളോടെ തൻ്റെ കളിദിനങ്ങൾ അവസാനിപ്പിച്ചു. റൺസ് (34,357), ടെസ്റ്റ് റൺസ് (15,921). തൻ്റെ നീണ്ട കരിയറിൽ ഉടനീളം സച്ചിൻ കളിയിലെ ഏറ്റവും മികച്ച ബാറ്റ്സ്മാൻമാരിൽ സ്ഥിരമായി റാങ്ക് ചെയ്യപ്പെട്ടിരുന്നു. റൺസ് സ്കോർ ചെയ്യാനുള്ള ഏകമനസ്സോടെയുള്ള സമർപ്പണത്തിലും മുന്നിലും പിന്നിലുമുള്ള സ്ട്രോക്ക് പ്ലേയുടെ ഉറപ്പിലും അദ്ദേഹത്തെ പലപ്പോഴും ഓസ്ട്രേലിയയുടെ ഡോൺ ബ്രാഡ്മാനോട് ഉപമിച്ചു.



2012-ൽ സച്ചിൻ ഇന്ത്യൻ പാർലമെൻ്റിൻ്റെ അപ്പർ ചേമ്പറായ രാജ്യസഭയിൽ അംഗമായി-ആ ബോഡിയിൽ ചേരുന്ന ആദ്യത്തെ സജീവ കായികതാരം; അദ്ദേഹത്തെ ഈ സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്തു, അദ്ദേഹത്തിൻ്റെ കാലാവധി 2018-ൽ അവസാനിച്ചു. 2014-ൽ ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന ലഭിക്കുന്ന ആദ്യ കായികതാരമായി. 2019ൽ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ ഹാൾ ഓഫ് ഫെയിമിൽ സച്ചിനെ ഉൾപ്പെടുത്തി.

# You're Still In My Heart

Long ago in a country there lived a beautiful lady, she was gorgeous and kind in her beauty she had beauty in her heart also. Her name was Jang Jia ,everyone called her Jia. She was living in a middle class family and she was 16 years old. She was a high school student in new Indian model school to plutom. She was new there. She missed her old school and those crazy friends. The first day she was sitting alone. And a girl noticed it, her name was Zai Noa.She did not interact with Jia. At the break time Jia went to toilet. While her way back Jia got bullied by a rich kid. His name was Joel. He knew that Jia was new there so he easily made fun of her. By changing school she was a little bit fragile from before. She was afraid and then Noa passed by there and so Joel bulling Jia. She shouted at Joel.
Noa :hey you...! Joel stop bullying her who do you think you are
(Jia was suddenly in a shock of someone helping her while every one was looking at her and laughing)
Joel: oh....you noa, why do you want to help her who is she to you
noa: she is my good friend, and she is well better than you in every way
Joel: better....? huh also than me...? this fragile girl..! don't think so.
(and suddenly there comes other student his name is Alex he had a brother named Allen in same school they were twins but they didn't look alike or had same character)
Alex: no your wrong Joel she is strong.
( Allen is joel's friend Alex and Allen are always in fight with each other)
allen: no Alex ! If you are her side let's keep at match at any sport the winner is stronger and other one is fragile.
Allex: yes why not

Noa and Jia was amazed and shocked at the same time but they agreed.
Noa and Jia: yes, let's do
Joel: I am ready but which sports?
Noa: fencing ( Noa was a good fencer)
Joel and Allen: okay after two weeks
Jia:i agree .....!
Suddenly the bell rang everyone went back to their class .The next day Jia was sitting in the seat and thinking something ,suddenly Noa entered the class and sat next to her.She told Jia that she was good at fencing
Jia replied.
Jia :I am not that good but i know fencing and i love fencing .
Noa :that's great let's have a match later to learn more and we will defeat Joel.
Jia:that's great...!
(evening) .....Jia and Noa played a match. Noa realised Jia was far better than her.Thus Noa asked about it to Jia
jia:I learned it from my dad. I got to this school because of fencing I was the fencing champion of that school and so every fencing student hated me so I fought with them so much
Noa: Then...?
Jia: my dad hated my fencing and changed my school
Noa: didn't you have friends there?
Jia:yes I had one friend. Even though I miss her she once cheated me....
noa: ohh... so sad... hmm... what about being best friend.
Jia: yes now you are my only best friend here.

After that they went back home. Jia practised more fencing with Noa and also Alex helped them.At the other side Joel and Allen thought she was a girl so she doesn't knew fencing. Jia became much better and better everyday. At last it was time for the match. They both wore their fencing suits and was ready for the match.It was a tough match for Joel even though he did practice as hard as Jia did,but at last the winner was Jia. Allen got angry.
Joel: I will stop bullying everyone now. Jia is stronger than me
Allen: Jia is so good at fencing.
Jia: Joel let's be good friends and don't forget to stop bullying.You have a kind heart.
Joel: Alright.....!
Jia,Noa,Allen,Alex and Joel became friends.

These 5 friends played and learned happily for like half year. Every thing was fine until Jia's dad came to school one day and saw them both fencing with each other
(At home)
Dad: i will change your school again Jia.
Jia: no dad, please that's my friend Noa... please dad
Dad: no, i told you to stop fencing
Jia was so upset that she cried so much in her room. She got fever and was not able to go to school the next day.Her friends saw Jia's dad at the office.
Joel:hello sir,aren't you Jia's dad?
Jia's dad: yes, you are?
Joel and others: we are Jia's friends.
Noa: what happened to Jia sir?
Jia's dad: she has a fever.
Alex: when will she come to school again?
Allen: is the fever so high?
Dad: No.I came here for her TC. I am going to change her school.
Joel: but why sir?
Dad: i hate sseing her fencing. If you want to see her before she goes, come to our house.

Everyone is at Jia's house.They are very upset inside, but they are trying their best to make Jia happy.
In Jia's new school someone bullied Jia but no one helped her, everyone bad mouthed her, no one reacted. Jia became more fragile than she was . She missed Noa Alex ,Joel and Allen so badly she cried so much. Since Jia couldn't handle all the pain and stress she commits suicide.By Jia's death her dad understood her love for fencing and her friends.
They all attended her funeral sadly.Her dad hugged them and cried and started telling sorry,their friendship was strong but Jia's death made the friendship a weak one. They couldn't be happy anymore. At the end everyone had Jia in their heart but she can only wish to come back and can never get her life back as happy when she learned high school with those dumb friends.




# WOMEN

In this generation women are always considered as slaves and are always criticized for being a women. They don’t have the right to speak or do against a simple thing. They are always treated as a dog who obeys their order of their owner. They are also a living thing who deserves to live in this world, they should not treated in that way. They have right and freedom to talk or do any thing of their choice. We together have to make them strong, they should believe in themself. Someone who treats women like a toy should be punished. Women should not be afraid to wake at night. We all together have to make this world a better and liveable place for women. Women’s right is always important. Women are considered as mother. So we should always respect them

# WHERE ARE YOU...

Everything Was Fine
Until I Met You.
It Wasn't Easy To Move On
You Were Like My Chem!
24/7 You Popped Up Twice
Dreams All The Way
Now You're Almost Fading  away
To The Lil World I Thought ,
Baby!

# വളപ്പൊട്ടുകൾ

അമ്മേ അച്ഛാ അങ്ങോട്ടൊന്ന് നോക്കിയേ ...

അതെ വർഷത്തിൽ ഒരു വട്ടം മാത്രം കാണാവുന്ന പൂരം . പതിവുപോലെ നേരത്തെ കുളിച്ച് മീനു തന്റെ പാവാടയും കുപ്പായവും ധരിച്ച് തന്റെ അച്ഛന്റെയും അമ്മയുടെയും കൈപിടിച്ച് പൂരപ്പറമ്പിലെത്തി . കഴിഞ്ഞ വർഷത്തിലേറെക്കാൾ അവൾക്കെന്തോ വ്യത്യസ്തമായി തോന്നി . നിറയെ തോരണങ്ങൾ തൂക്കിയ കൊച്ചു കൊച്ചു കടകളും , കൂട്ടം കൂടി നിൽക്കുന്ന ജനങ്ങളേയും കൊച്ചു കുട്ടികളേയുമെല്ലാം അവളുടെ ശ്രദ്ധയിൽപ്പെട്ടു. കച്ചവടക്കാരുടെ ആർപ്പും വിളിയും അവളുടെ കാതിൽ പതിഞ്ഞു . പക്ഷെ അവിടേക്ക് വന്നാൽ തന്റെ ഇഷ്ടത്തിനനുസരിച്ച് വാങ്ങിക്കാൻ സാധിക്കില്ല എന്ന് അറിഞ്ഞുകൊണ്ട് മീനു അവിടെത്തന്നെ നിന്നു എല്ലാ കാഴ്ചയും കണ്ടു . പക്ഷെ പെട്ടന്ന് തന്റെ സംസാരത്തിനിടയിലൂടെ അങ്ങോട്ടൊന്ന് നോക്കിയെ എന്ന് അവൾ ഉച്ചരിച്ചു . അതെ അവിടെത്തന്നെ നിറയെ വളകളും , മാലകളും ,കളിപ്പാട്ടങ്ങളും നിറഞ്ഞ അവിടെത്തന്നെ .... അവളുടെ ആ എളിമപ്പെട്ട സംസാരം അച്ഛന്റെ കാതിൽ മനോവിഷമം ഉണ്ടാക്കി . തന്റെ പൊന്നുമോളെ കൈവിടാതെ പിടിച്ച് അവിടേക്ക് നടന്നു . അവയുടെ ഭംഗി തികച്ചും മീനുവിന്റെ കണ്ണിനെ മനോഹരമാക്കി . കുറച്ചുനിമിഷം അവൾ തന്റെ ചുറ്റുപാട് മറന്നു കാഴ്ചയുടെ ഭംഗി തിരിച്ചറിയാൻ പോയി . എന്താണ് വേണ്ടതെന്ന് കടക്കാരിയുടെ വിളി കേട്ട് അവൾ ഏതോ സ്വപ്നലോകത്തിൽനിന്ന് ഉണർന്നു . തന്റെ പിതാവിന്റെ സാമ്പത്തികശേഷി അറിയാവുന്ന അവൾ ഒന്നും മിണ്ടിയില്ല . സ്ക്കൂളിലെ കുട്ടികളുടെ കൈയിലെ ഓരോ വളയും മീനുവിന് അത്ഭുതം ആയിരുന്നു . തനിക്ക് ആകെ കറുത്ത കരി വളയെ ഉള്ളൂ . പല സമയങ്ങളിലും അവരുടെ കളിയാക്കലുകൾ തന്റെ മനസിനെ വേദനിപ്പിച്ചെങ്കിലും അന്ന് മുതലേ അവൾ തന്റെ ജീവിതലക്ഷ്യം സൃഷ്ടിച്ചിരുന്നു . മീനു തന്റെ അച്ഛനെ നോക്കുന്നതും പോക്കറ്റിൽ കൈയിട്ടെടുക്കുന്നതും ഒരേ സമയത്തായിരുന്നു . മീനു നേരെ അച്ഛനെ ഒന്ന് ചേർത്ത്  കെട്ടിപിടിച്ചു .നിലത്തു ചിതറിക്കിടന്നിരുന്ന വളപ്പൊട്ടുകൾ അവൾ മെല്ലെ എടുത്തു .അവളുടെ ഇഷ്ടപ്പെട്ട നിറമായ ചുവപ്പ് വളപ്പൊട്ട് അവൾ പ്രത്യേകം കയ്യിൽ വെച്ചു നിഷ്ക്കളങ്കമായ അച്ഛന്റെ ആ മുഖം മീനു എന്നും രാത്രി ഓർക്കുന്നു .താൻ ഇതിനെ പൊരുതണം എന്നവൾ ദൃഢനിശ്ചയം വെക്കുന്നു .

പിതാവിന്റെയും മാതാവിന്റെയും സ്നേഹം മാത്രം തിരിച്ചറിഞ്ഞ് ആർഭാടമില്ലാത്ത ജീവിതത്തിലൂടെ വളർന്നുവന്ന മീനുകുട്ടിക്ക് തന്റെ ജീവിതസാഹചര്യത്തെ ഏറെ അറിയാം പഠനത്തിലെ മികവ് അവളെ സ്വയം വിശ്വസ്ഥയാക്കി . അച്ഛനോടും അമ്മയോടും ഒത്തുമുള്ള ഓരോ സമയവും അവൾ സന്തോഷത്തോടെ കഴിയുന്നു....

Mithra .k

# ഉണ്ണിയുടെ ബാല്യം

നാളുകളേറേ സൂക്ഷിച്ചോരാ
പുസ്തക താളുകൾ എണ്ണി മറിക്കവേ
പെട്ടന്നുകണ്ടോരാനാഥയാം തളിരിനേ
പിച്ചിയെടുത്തു വലിച്ചു കളയവേ
ഉമ്മറത്തിണ്ണയിലേറ്റം കുനിഞ്ഞോരാമുതുമുത്തശ്ശി
വേണ്ടുണ്ണീ , വേണ്ടുണ്ണീ ദേവിയാണെന്നോതി

പുലർക്കാഴ്ച കാണുന്ന തുമ്പ പറിക്കവേ
ചെയ്യരുതെന്നോതി അച്ഛനുമന്നേരം
ഉണ്ണിക്കൊരിഷ്ടവും ഇല്ലയെന്നാൽ പോലും
മുതിർന്നവർ ചൊന്നതാൽ അനുസരിച്ചുണ്ണിയും

വീടിനരികിൽ വരുന്നൊരാനാഥർക്കു
മാതാവു നൽകിയ പൊതിച്ചോറുകണ്ടുണ്ണി
"ഞാൻ കൊടുക്കാമ്മേ" എന്നു പറഞ്ഞതി
നമുക്കുമേറ്റം ആഹ്ലാദം വരികയാൽ
നൽകിയൊരുമ്മ മകനുടെ നെറ്റിമേൽ
അചഛനുമൊപ്പം പ്രശംസിച്ചുണ്ണിയേ

# ജീവിത നന്മകൾ

മാതാപിതാഗുരുജനങ്ങളെ
ബഹുമാനപൂർവ്വമായ് കണ്ടീടണം
ഈ ജന്മം സഫലമാക്കിതന്ന എൻഗുരു
നാഥനെ എന്നും സ്തുതിച്ചിടേണം

ആടംബരാഹങ്കാരം ത്യജിച്ചുകൊ-
ണ്ടീജന്മം ധന്യമാക്കിത്തീർക്കണം
ദാരിദ്ര്യം പൂണ്ട് കഴിയും ജനങ്ങൾക്ക്
കഴിയും സഹായങ്ങൾ ചെയ്തിടേണം

അഗ്നിജലത്താൽ മായുന്ന പോലെ നാം
തിന്മകളപ്പാടെ മായ്ച്ചീടണം
മത്സ്യമിത്രാർത്ഥകളത്രാതിസങ്കമം പോലെ
ഈ ജീവിതം മാറ്റീടണം

സ്വർണ്ണഖനികൾ കുഴിച്ചെടുക്കും പോലെ
തിന്മയിൽ നിന്നുനാം നന്മ കൈകൊള്ളണം
ശുശ്രൂഷക്രൂടാതെ വാർദ്ധക്യം ബാധിച്ച
മാതാപിതാക്കളെ സ്നേഹിക്കണം .

In conclusion, Our digital magazine 'TECHSPOT' offers a dynamic platform for readers

to engage with diverse content, from insightful article to captivating visuals. As we continue to evolve and innovate, we aim to inspire, inform and entertain our audience while fostering a sense of community and connection in the digital realm.

we are grateful to our teachers and specially our Little kite mistresses who take keen interest on our 'TECHSPOT'.We also joyfully remember our dear friends who were with us to fulfill this platform with potentiality.

Thank you for being a part of our digital journey.....

GOD BLESS US

-LK 2022-25 BATCH